# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൻറെ 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള മറുപടി

**1-1-1 അക്കൊണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിർദ്ദേശാനുസരണം അക്കൊണ്ട്സ് ആപ്ളിക്കേഷനിൽ 62 (2) F ഉം 62 (3) ഉം പ്രകാരമുള്ള അനുപാതങ്ങളും, മുൻവർഷ താരതമ്യ തുകകളും ഉൾപ്പെടുത്താൻ സൂചിക വഴി IKM ലേക്ക് റിപ്പോർട്ട് ചെയ്തു. വരും വർഷങ്ങളിൽ ആയത് ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

ഇന്ത്യയിൽ അക്കൊണ്ടിംഗ് സ്റ്റാൻഡേർഡ് 3 പ്രകാരം ആണ് ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൌണ്ടന്റ്സ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്നത്. അക്കൊണ്ടിംഗ് സ്റ്റാൻഡേർഡ് 3 പ്രകാരം Net decrease in cash or cash equivents എന്നത് പണമായിട്ട് ലഭിച്ച എല്ലാ വരവുകളും പണമായിട്ട് ചെലവ് നടത്തിയ എല്ലാ ചെലവുകളും ഉൾപ്പെടെയുള്ള വരവ് ചെലവ് കണക്കുകളുടെ മിച്ച തുകയാണ് രേഖപ്പെടുത്തുന്നത്. Net cash up by opening + investing + financing activity എന്നതിൽ പണമായിട്ട് ലഭിച്ച എല്ലാ വരവുകളും, പണമല്ലാതെ ലഭിച്ച എല്ലാ വരവുകളും, പണമായിട്ട് ചെലവഴിച്ച എല്ലാ ചെലവുകളും, പണമായിട്ട് അല്ലാതെ ചെലവഴിച്ച എല്ലാ ചെലവുകളും ഉൾപ്പെടുന്ന പ്രവർത്തനത്തിന്റെ മിച്ചമാണ് രേഖപ്പെടുത്തുന്നത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നതല്ല. പഞ്ചായത്ത് അക്രൂവൽ ബേഡ്സ് അക്കൊണ്ടിംഗ് ഫോളോ ചെയ്യുന്നതിനാൽ Net decrease in cash or cash equivents ഉം, Net cash up by opening + investing + financing activity ഉം ഒരുക്കലും തുല്യമാവുന്നതല്ല. Net cash up by opening + investing + financing activity യിൽ പണമായിട്ട് ലഭിക്കാത്ത അക്രൂവൽ വരവുകളും, പണമായിട്ട് ചെലഴിക്കാത്ത ഡിപ്രീസിയേഷൻ, പ്രൊവിഷൻ എന്നിവയും Net decrease in cash of cash equivents നേക്കാൾ കൂടുതലായിട്ട് രേഖപ്പെടുത്തുന്നുണ്ട്. ആയതുമൂലമാണ് ഇവ രണ്ടും തമ്മിൽ പൊരുത്തപ്പെടാത്തത്. ഈ വ്യത്യാസം ഉണ്ടായത് അക്രൂവൽ ബേഡ്സ് അക്കൊണ്ടിംഗ് രീതി ഫോളോ ചെയ്യുന്നത് മൂലം ആണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

### 1-1-3 ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

KURDFC Life പദ്ധതിക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്ത ലോൺ തുകക്ക്, ബാങ്ക് interest അനുവദിച്ചു. KURDFC Life loan ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത്, ലോൺ ലയബിലിറ്റി ആയി റസീറ്റ്/അക്കൗണ്ട് ചെയ്തതിലുള്ള വിശദീകരണം.

- ലോൺ തുക ലഭിക്കുമ്പോൾ ആയത് ഡെപ്പോസിറ്റ് ചെയ്യുന്നതിന് വേണ്ടി മാത്രമായി ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ടിൽ, ഒരു ലയബിലിറ്റി ഹെഡിൽ (33050021 Secured Loans - Loan from KURDFC) Receipts ചെയ്യുന്നത് വഴി ബാലൻസ് ഷീറ്റ്, ലയബിലിറ്റി ഭാഗത്തെ Scheduled B5 Secured Loans ഹെഡ് കോഡ് 33050021 Secured Loans - Loan from KURDFC ൽ തുക അക്കൗണ്ട് ചെയ്യപ്പെടുകയും തത്തുല്യമായി അസറ്റ് ഭാഗത്തെ Schedule B 17 Cash Bank Balance ലെ KUDRFC Life ഭവന പദ്ധതിക്ക് വേണ്ടി മാത്രമായി ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ടിലും അക്കൗണ്ട് ചെയ്യപ്പെടുന്നു.

- ലോൺ തുക ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി യൂട്ടിലൈസ് ചെയ്യുമ്പോൾ പേയ്മെന്റ് ചെയ്യുന്നത് വഴി ബാലൻസ് ഷീറ്റ് അസറ്റ് ഭാഗത്തെ Schedule B 17 cash and bank balance ലെ KUDRFC Life ഭവന പദ്ധതിക്ക് വേണ്ടി മാത്രമായി ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ട് ബാലൻസിൽ കുറവ് വന്നു. തത്തുല്യമായ തുക അസറ്റ് ഭാഗത്തെ തന്നെ Schedule B 16 pre paid expenses ൽ അക്കൗണ്ട് ചെയ്യപ്പെടുന്നു.

- മറ്റ് ഗ്രാന്റുകൾ പോലെ, ലഭിച്ച തുക ചെലവഴിച്ചാൽ, ലോൺ ബാധ്യതയിൽ കുറവ് വരുന്നില്ല. ആയത് തിരികെ അടച്ചാൽ മാത്രമേ Loan Liability കുറയുകയുള്ളൂ.

- മാത്രമല്ല ലോൺ തിരിച്ചടവ് പ്ലാൻ ഫണ്ടിൽ നിന്ന് ആയതിനാലും, ഒരു സാമ്പത്തിക വർഷം ലഭിച്ച ലോൺ തുക മുഴുവനായും പ്ലാൻ ഫണ്ട് മുഖേന തിരിച്ചടവാക്കുകയില്ലാത്തതിനാലും, ലോൺ യൂട്ടിലൈസേഷൻ ഒരു റവന്യൂ ചെലവായി കണക്കാക്കാൻ സാധിക്കില്ല. അപ്രകാരം റവന്യൂ ചെലവായി അക്കൗണ്ട് ചെയ്താൽ ആ സാമ്പത്തിക വർഷത്തെ യഥാർത്ഥ തനത് വരുമാന നീക്കി ബാക്കി / മിച്ചം അതായത്, സാമ്പത്തിക വർഷം തനത് ഫണ്ട് വരുമാനത്തേക്കാൾ കൂടുതൽ തനത് ഫണ്ട് ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് Income and Expenditure Statement ലെ നീക്കി ബാക്കി പ്രകാരം പ്രതിഫലിക്കില്ല.

- ബാലൻസ് ഷീറ്റ് Schedule B5 Secured Loans ഹെഡ് കോഡ് 330500201 Secured Loans - Loan from KURDFC ലെ ബാലൻസും Schedule B 17 Cash

and Bank Balance ലെ KURDFC Life ഭവന പദ്ധതിക്ക് വേണ്ടി മാത്രമായി ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ട് ബാലൻസും ലോൺ യൂട്ടിലൈസ് ചെയ്ത തുടങ്ങിയാൽ തുല്യമാവില്ല.

മേൽ കാരണം കൊണ്ട് KURDFC Life പദ്ധതിക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്ത ലോൺ തുകക്ക്, ബാങ്ക് interest KURDFC Life Loan ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ലോൺ ലയബിലിറ്റി ആയി Receipt/ അക്കൗണ്ട് ചെയ്യേണ്ടതുണ്ട്.

- കൂടാതെ ലൈഫ് പദ്ധതി ഒരു ഘട്ടം പൂർത്തിയായാൽ KURDFC Life ഭവന പദ്ധതിക്ക് വേണ്ടി മാത്രമായി ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന interest തുക (if any) ലോൺ തിരിച്ചടവിനായി ഉപയോഗിച്ച്, പ്ലാൻ ഫണ്ടിൽ നിന്നും source deduction വഴി ലോൺ തിരിച്ചടവ് ചെയ്യുന്ന തുകയിൽ കുറവ് വരുത്തി, പ്രസ്തുത പ്ലാൻ ഫണ്ട് തുക കൂടി പഞ്ചായത്തിന്റെ മറ്റ് പദ്ധതി ചെലവുകൾക്ക് വേണ്ടി വിനിയോഗിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം തിരിച്ചടക്കുന്നതിന് KURDFC Life Loan ബാങ്ക് interest ലഭിച്ചത് ലയബിലിറ്റി ആയി Receipt/ അക്കൗണ്ട് ചെയ്യേണ്ടതു കൊണ്ടാണ് ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത്. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

## 1-1-4 Secured Loan from KURDFC - ജേണൽ എൻട്രി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മുൻ സാമ്പത്തിക വർഷം Secured Loan from KURDFC Ledger Account ൽ അക്കൊണ്ടിൽ വന്ന പിശക് ക്രമപ്പെടുത്തിയതാണ് പ്രസ്തുത Journal Entry. ആയതിൻറെ 2024-25 സാമ്പത്തിക വർഷത്തെ ലെഡ്ജർ ബുക്ക് narration ഉൾപ്പെടെ ഇതോടൊപ്പം സമർപ്പിക്കുന്നു. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

## 1-1-5 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

https://panchayathhelpdesk.blogspot.com/ എന്ന ബ്ലോഗിൽ ലഭ്യമായ Depreciation calculation helper 2024-25 for GP വഴിയാണ് 2024-25 സാമ്പത്തിക വർഷം ആസ്തികൾക്ക് തേയ്മാനം കണക്കാക്കി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയത്. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

<u>വസ്തു നികുതി</u>

സഞ്ചയ വെബിൽ നിന്നും വാർഷിക ഡി.സി.ബി മാത്രമേ ലഭിക്കുകയുള്ളൂ. കൂടാതെ സാമ്പത്തിക വർഷത്തിനിടയിൽ എപ്പോൾ വേണമെങ്കിലും പ്യൂരിഫിക്കേഷൻ പ്രക്രിയ ചെയ്യാൻ സാധ്യതയുള്ളത് കൊണ്ട് ഡിമാന്റ് തുകകൾക്ക് മാറ്റം വരാൻ സാധ്യതയുണ്ട്. ആയതിനാൽ മാസം തോറും അക്രൂവൽ എൻട്രി ചെയ്യുന്നത് പ്രാവർത്തികമല്ല. മാത്രമല്ല അങ്ങനെ അക്രൂവൽ എൻട്രി വഴി ഓരോ തവണയും വാർഷിക ഡിമാന്റ് തുക വർദ്ധിപ്പിക്കുകയോ കുറക്കുകയോ ചെയ്യുന്നത് ഓഡിറ്റ് സമയത്തും 100% കളക്ഷൻ പരിശോധന സമയത്തും ഡി.സി.ബി വിശദീകരിച്ചു നൽകുന്നതിന് പ്രയാസമായിരിക്കും.

<u>അക്രൂവൽ എൻട്രി ചെയ്യുന്ന മറ്റു വരുമാനങ്ങൾ</u>

ഒരു സാമ്പത്തിക വർഷത്തെ കളക്ഷൻ തുകയാണ് ആ വർഷത്തെ ഡിമാന്റ് ആയി സാധാരണ പഞ്ചായത്തുകളിൽ അക്കൌണ്ട് ചെയ്തു വരുന്നത്. അപ്രകാരം ഡിമാന്റ് തുക ലഭിക്കണമെങ്കിൽ ആ സാമ്പത്തിക വർഷം പൂർത്തിയാക്കണം. ആയതിനാലാണ് മറ്റു വരുമാനങ്ങളുടെ അക്രൂവൽ എൻട്രി Pending task utility വഴി 31-03-2024 തീയതിയിൽ രേഖപ്പെടുത്തുന്നതിനു മുമ്പ് ഉണ്ടായിരുന്ന സാംഖ്യ ഡബിൾ എൻട്രി ഓഫ് ലൈൻ ആപ്ളിക്കേഷനിൽ Pending task utility വഴി, ആ സാമ്പത്തിക വർഷത്തെ ഏതു തീയതിയിലും ജേണൽ എൻട്രി ചെയ്യാൻ സാധ്യമായതിനാലാണ് മുൻ വർഷ വാർഷിക ധനകാര്യ പത്രികയിൽ അക്രൂവൽ എൻട്രികൾ ഏപ്രിൽ ഒന്നിന് തന്നെ കാണുന്നത് എന്ന് കൂടി കൂട്ടിച്ചേർക്കുന്നു.

വരും സാമ്പത്തിക വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ കാലികമാക്കി ആയതു പ്രകാരം യഥാസമയം തന്നെ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നതാണ് എന്ന് അറിയിക്കുന്നു.

### 1-1-7 ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാതെ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു.

വാർഷിക കണത്തിലെ ഷെഡ്യൂൾ ബി-4 ൽ ഗുണബോക്തൃ വിഹിതം ഇനത്തിൽ 9703495/- രൂപ അവശേഷിക്കുന്നുണ്ട്. ആയതിൽ 6200000/- രൂപ ജൽജീവൻ മിഷൻ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുകയാണ്. ആയത് ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന മുറക്ക് അടവാക്കുന്നതാണ്. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

**1-1-8 ബാങ്ക് പാസ് ബുക്ക്/അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കിയില്ല**

ബാങ്ക് പാസ് ബുക്ക്/അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കുന്നതാണ്.

**1-1-9 ചെക്ക് നിക്ഷേപിച്ചു. ബാങ്കിൽ ക്രഡിറ്റ് ആയില്ല.**

SBi ePayment Bank Account ൽ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ഓൺലൈനായി ലഭിക്കുന്ന വസ്തു നികുതി തുകകൾ യഥാസമയം ബാങ്കിൽ ക്രഡിറ്റ് ചെയ്യാത്ത ഇഷ്യൂ ഉണ്ടായിരുന്നു. ആയത് ക്രമപ്പെടുത്തുന്നതിനായി IKM ന് പരാതി നൽകിയിട്ടുണ്ട്. പരാതി തീർപ്പാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ്.

**1-1-10 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.**

Sachithra Software update ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണ്.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

**1-1-11 വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല.**

a) ഗ്രാമപഞ്ചായത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനം നിലവിൽ വന്ന സമയത്ത് രശീതികൾ (പ്രത്യേകിച്ച് വസ്തു നികുതിയിന്മേലുള്ള ലൈബ്രറി സെസ്) ദശാംശ സംഖ്യകളിൽ രശീതി ചെയ്യാൻ സാധിച്ചിരുന്നു. പിന്നീട് അവ പൂർണ്ണ സംഖ്യകളിൽ മാത്രം രശീതി ചെയ്യാൻ സാധിക്കുന്ന രീതിയിലേക്ക് നിജപ്പെടുത്തിയെങ്കിലും, മുൻപ് രേഖപ്പെടുത്തിയ തുകകൾ ദശാംശ രീതിയിൽ തന്നെ ബാലൻസ് ഷീറ്റിൽ തുടർന്നു. 2022-23 സാമ്പത്തിക വർഷം ILGMS സംവിധാനം നിലവിൽ വന്നപ്പോൾ, സാംഖ്യ ക്ലോസിംഗ് ബാലൻസും, ILGMS ഓപ്പണിംഗ് ബാലൻസും തമ്മിൽ വ്യത്യാസം വരാതിരിക്കുന്നതിന് വേണ്ടി 31-03-2023 ലെ സാംഖ്യ ബാലൻസ് ഷീറ്റിലെ തുകകൾ അതുപോലെ പ്രാരംഭ ബാക്കിയായി കൊണ്ട് വരികയാണ് ചെയ്തത്.

ഇനി പ്രാരംഭ ബാക്കിയിൽ യാതൊരു ക്രമപ്പെടുത്തലുകളും നടത്താൻ സാധ്യമല്ലാത്തതിനാൽ മേൽ പറഞ്ഞിരിക്കുന്നത് പോലെ പൂർണ്ണസംഖ്യയിലേക്ക് തുകകൾ മാറ്റുന്നതിനായി സൂചിക വഴി IKM ലേക്ക്

റിപ്പോർട്ട് ചെയ്ത് അപാകത പരിഹരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

### 1-1-12 Amount Payable to other creditors – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

Amount Payable to other creditors 2024-25 സാമ്പത്തിക വർഷത്തെ ലെഡ്ജർ ബുക്കിൽ ബാലൻസ് വന്ന തുക 2025-26 വർഷം ക്രമപ്പെടുത്തുന്നതാണ് എന്ന് അറിയിക്കുന്നു. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

### 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചതും വിട്ടുകിട്ടിയതുമായ എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
2. തനത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത്തിൽ നൽകുന്ന തുകയുടെ ക്രമീകരണം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കി പ്രോജക്ട് മോണിറ്ററിംഗ് ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും – അവലോകനം

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-13 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയ വിവരം

പഞ്ചായത്ത് പരിധിയിലുള്ള ആകെ അൺ എയ്ഡഡ് സ്കൂളുകൾ, കെട്ടിട നമ്പർ, വസ്തു നികുതി ഡിമാൻറ് ചെയ്തതിൻറെയും ഈടാക്കിയതിൻറെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

| ഫസ്സരി ഇംഗ്ലീഷ് സ്കൂൾ എൽ.പി | | | |
|---|---|---|---|
| **ക്രമ നമ്പർ** | **കെട്ടിട നമ്പർ** | **വസ്തു നികുതി** | **റസീപ്റ്റ് നം.** |
| 1 | 2/133 P | 298 | R-G100805-25005980, dtd. 29-09-25 |
| 2 | 2/133 Q | 298 | R-G100805-25005981, dtd. 29-09-25 |
| 3 | 2/133 R | 298 | R-G100805-25005982, |

| | | | |
|---|---|---|---|
| | | | dtd. 29-09-25 |
| 4 | 2/133 S | 298 | R-G100805-25005983, dtd. 29-09-25 |
| ടി.ടി.സി | | | |
| 5 | 2/136 | 5178 | R-G100805-25005986, dtd. 29-09-25 |

## 1-14 പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല എന്ന അപാകത ചൂണ്ടിക്കാണിച്ച താഴെ പറയുന്ന സ്ഥാപനങ്ങൾ കുറവു വന്ന തുക റസീറ്റ് നമ്പർ പ്രകാരം അടവാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു. ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | കുറവ് വന്ന തുക | അടവാക്കിയ റസീറ്റ് നമ്പർ |
|---|---|---|---|
| 1 | മലബാർ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | 750 | R-G100805-26001153, dtd. 24-04-26 |
| 2 | ഫാത്തിമ മെഡിക്കൽ സെന്റർ | 440 | R-G100805-26001152, dtd. 24-04-26 |
| 3 | പാണക്കാട് ഓട്ടോ സർവീസസ് | 1120 | R-G100805-26001176, dtd. 25-04-26 |
| 4 | നൻമ ജനകീയ ഹോട്ടൽ | 480 | R-G100805-25012304, dtd. 06-02-26 |
| 5 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുട്ടിലങ്ങാടി | 900 | തൊഴിൽ നികുതി റിട്ടേൺ രേഖകൾ പരിശോധിച്ചതിൽ ജീവനക്കാർ 17000/- രൂപ വരുമാനമുള്ളവരാണ് എന്നാണ് കാണിച്ചിരിക്കുന്നത്. ആയത് തെറ്റായിട്ടാണ് രജിസ്റ്ററിൽ എഴുതി ചേർത്തിരിക്കുന്നത്. ആയത് മാപ്പാക്കി ഈ സ്ഥാപനത്തെ അപാകതയിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ, തിരുത്തിയ രജിസ്റ്ററിന്റെ കോപ്പി എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു. |

1-15 ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് ടർഫുകൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതിനും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നതിനുമായി നാളിതുവരെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ മേൽ ടർഫുകൾ ക്രമവൽക്കരിച്ച് വസ്തു നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**1-16 തൊഴിൽ നികുതി അപാകതകൾ**

| ക്രമ നമ്പർ | സ്ഥാപനം | റസീപ്റ്റ് നം. |
|---|---|---|
| 1 | പി.എം.എസ് കളരി മർമ്മ ചികിത്സാലയം | R-G100805-25018255, dtd. 30-03-26 |
| 2 | സെനിത്ത് എഞ്ചിനീയറിംഗ് വർക്സ് | R-G100805-26001446, dtd. 28-04-26 |
| 3 | മെഡിലാബ് സ്പെഷ്യൽ ലബോറട്ടറി | R-G100805-26001532, dtd. 29-04-26 |
| 4 | കട്ടൂർ ജെ.സി.ബി | അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കാൻ വിട്ടു പോയ സ്ഥാപനങ്ങൾ മുകളിൽ കാണിച്ച റസീപ്റ്റ് നം പ്രകാരം അടവാക്കിയിട്ടുള്ളതാണ്. ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**1-17 കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ വാർഡ് 18 ൽ അബ്ദുൽ സലാം ഏലച്ചോല എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടവുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റ് പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. 18/403 നമ്പർ കെട്ടിടത്തിന് സഞ്ചയ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 36 ചതുരശ്ര മീറ്റർ മാത്രമാണ് വിസ്തീർണ്ണമുള്ളതായി

കാണിക്കുന്നതെന്നും, എന്നാൽ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 146.55 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണുള്ളതെന്നും ഓഡിറ്റിൽ കണ്ടെത്തിയ സാഹചര്യത്തിൽ, പ്ലാനിൽ കാണിച്ചിട്ടുള്ള പ്രകാരം 146.55 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടമായി ക്രമവൽക്കരിക്കുന്നതിലേക്കായി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അപേക്ഷകന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മറുപടി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ടിയാൻ സമർപ്പിച്ച കൊമേഴ്സ്യൽ കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ ടിയാൻ താമസിക്കുന്ന വീടിന്റെ നമ്പറായ 18/402 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 18/403 എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും, 18/402 ന്റെ വിസ്തീർണ്ണം 96 ചതുരശ്ര മീറ്ററാണെന്നും ആയത് പഴക്കം ചെന്ന കെട്ടിടമായതിനാലാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ യഥാർത്ഥ വിസ്തീർണ്ണം രേഖപ്പെടുത്താത്തത് എന്നും ബാക്കിയുള്ള 50.55 ചതുരശ്ര മീറ്റർ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 1-18 തുല്യത പരീക്ഷക്ക് സഹായം - രേഖകൾ ഹാജരാക്കേണ്ടതാണ്.

സാക്ഷരതാ പ്രവർത്തനം നടത്തുന്നതിന് സാക്ഷരതാ പ്രേരക് മുഖേനയാണ്. ഈ പണം നേരിട്ട് അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുള്ളതാണ്. ഓഡിറ്റ് തടസ്സവാദത്തിൽ സൂചിപ്പിച്ച കൈപ്പറ്റ് രശീതിക്കായി സാക്ഷരതാ പ്രേരക് മുഖേന അതോറിറ്റിയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം വിശദമാക്കുന്ന പ്രേരകിന്റെ കത്ത് ഇതോടൊന്നിച്ച് സമർപ്പിക്കുന്നു. ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 1-19 സ്കൂളുകൾക്ക് ദിനപത്രം നൽകൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.

ബന്ധപ്പെട്ട ഫയലിൽ ഓരോ വിദ്യാലയങ്ങൾക്കും നൽകിയ പത്രങ്ങളുടെ എണ്ണം, ആയതിന്റെ വില, മൊത്തം ഓരോ പത്രത്തിനും നൽകേണ്ട സംഖ്യ, മൊത്തം തുക എന്നിവ രേഖപ്പെടുത്തിയ പട്ടിക ഉണ്ടായിരുന്നു. എന്നാൽ സ്കൂളുകളുടെ രശീതി വെച്ചിട്ടുണ്ടായിരുന്നില്ല.

ആയത് ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 1-20 എസ്.സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം.

തടസ്സവാദത്തിൽ സൂചിപ്പിച്ച കാര്യങ്ങളുടെ വിശദീകരണം ചുവടെ നൽകുന്നു.

a) പ്രജീഷ. സി എന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് അതേ ഫയലിൽ ഉണ്ടായിരുന്നു. ആയത് മറ്റൊരു പേപ്പറിന്

ചേർന്നിരുന്നതിനാലായിരിക്കണം കാണാൻ കഴിയാതിരുന്നത്. ഈ സർട്ടിഫിക്കറ്റിന്റെ കോപ്പി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

b) ആദിഷ് ലക്ഷ്മണൻ, ഭവജ് എന്നീ കുട്ടികൾക്ക് പട്ടികജാതി വകുപ്പിൽ നിന്ന് ലാപ് ടോപ്പ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം കുട്ടികൾ സമർപ്പിച്ചിരുന്നെങ്കിലും ഫയലിൽ ഉണ്ടായിരുന്നില്ല. ആയത് ലഭ്യമാക്കി ഫയലിൽ വെച്ചിട്ടുണ്ട്. അവയുടെ കോപ്പി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

c) വാങ്ങിയ ലാപ് ടോപ്പുകളുടെ സീരിയൽ നമ്പർ കുട്ടികളുടെ രശീതി ഫയലിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരുന്നില്ല എന്ന് മനസ്സിലാക്കുന്നു. ആയത് എഴുതിച്ചേർക്കുകയും ഓരോ കുട്ടിക്കും നൽകിയ ലാപ് ടോപ്പിന്റെ സീരിയൽ നമ്പർ പ്രത്യേകം രേഖപ്പെടുത്തിയ രേഖ ആയതിൽ പതിച്ച് വെക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ കോപ്പി സമർപ്പിക്കുന്നു.

ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1-21 DA ഇനത്തിൽ അധികം നൽകിയ തുക തിരിച്ചടവാക്കി - അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**1-22 കോക്ലിയർ ഇംപ്ലാന്റേഷൻ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.**

2024-25 സാമ്പത്തിക വർഷത്തിൽ 159/25 കോക്ലിയർ ഇംപ്ലാന്റേഷൻ പ്രോജക്ടിന് 250000/- രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അടവാക്കിയിരുന്നു. അമേയ എന്ന കുട്ടിയുടെ UC ലഭ്യമാക്കിയിട്ടുണ്ട്. മുർഷിദ്, റിംന ഹാദിയ എന്നീ കുട്ടികളുടെ UC ലഭ്യമാക്കിയിട്ടില്ല. പല തവണ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മെയിലിലേക്ക് കത്ത് അയച്ചിട്ടും UC ലഭ്യമാക്കിയിട്ടില്ല. ഇനി മുതൽ ഒരു പോർട്ടൽ മുഖേനയാണ് സാമ്പത്തിക സഹായവും UC യും ലഭ്യമാവുന്നത് എന്ന സർക്കുലർ പ്രകാരം പുതിയ ലോഗിൻ ഐ.ഡി യും എല്ലാം ഉണ്ടാക്കി വീണ്ടും UC ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. UC ലഭ്യമാവുന്ന മുറക്ക് എത്തിച്ച് നൽകുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

**1-23 പണം പിൻവലിക്കൽ - അപാകതകൾ**

A- 17/12/2024 ലെ 0012525 നമ്പർ ചെക്ക് മുഖേന 10084 രൂപ പിൻവലിക്കുകയും മേൽ ചെക്ക് നമ്പരിൽത്തന്നെ 10084/- രൂപ ബാങ്ക് ബുക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

B- 28/02/2025 ലെ 0011146 നമ്പർ ചെക്ക് മുഖേന 93572 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പെമെൻറ് ചെയ്തപ്പോൾ ചെക്ക് നമ്പർ മാറിയതിനാലാണ് പ്രസ്തുത വ്യത്യാസം സംഭവിച്ചത്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

C- 25/03/2025 ലെ 0011158 നമ്പർ ചെക്ക് മുഖേന 148325 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 4820/- രൂപ പെമെൻറ് ചെയ്തപ്പോൾ ചെക്ക് നമ്പർ( 0011155) മാറിയതിനാലാണ് പ്രസ്തുത വ്യത്യാസം സംഭവിച്ചത്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

2- അസി.സെക്രട്ടറിക്ക് 2024-25 വർഷം പൂർണ്ണമായും സെക്രട്ടറിയുടെ പൂർണ്ണ ചുമതല കൂടി നൽകിയതിലുള്ള അധിക ജോലി ഭാരം കാരണമാണ് പേമെൻറ് ചെയ്യുന്നതിൽ കാല താമസമുണ്ടായത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**1-24 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ 31/03/2025 തീയതിയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ലെ ശീർഷകങ്ങളുടെ ലെഡ്ജർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ 2025-26 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ ക്രമീകരിക്കുന്നതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**1-25 എസ്.എസ്.കെ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.**

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ആയത് ഇതോടൊന്നിച്ച് സമർപ്പിക്കുന്നു. ഇവ പരിഗണിച്ച് തടസ്സവാദം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**1-26 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.**

1. സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ദിനാഘോഷത്തിനുള്ള ചെലവിലേക്കായി പ്രിൻസിപ്പൽ ഡയറക്ടറുടെ അക്കൌണ്ടിലേക്ക് നൽകുന്നതിന് പിൻവലിച്ച 30000/- രൂപയുടെ രസീതി ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.
2. എഐടിഇ യുടെ വേതനത്തിനായി ജോയിൻറ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് നൽകുന്നതിന് പിൻവലിച്ച 70000/- രൂപയുടെ രസീതി ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.
3. CMDRF ലേക്ക് നൽകുന്നതിന് പിൻവലിച്ച 100000/- രൂപയുടെ രസീതി ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.
4. KREWS ലേക്ക് നൽകുന്നതിന് പിൻവലിച്ച 4000/- രൂപയുടെ രസീതി ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

**1-27 ആശുപത്രി മാനേജിംഗ് കമ്മിറ്റി - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.**

2019-20 മുതൽ 2024-25 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

## 1-28 കുടുംബാരോഗ്യ കേന്ദ്രത്തിൽ അധിക സൌകര്യങ്ങൾ ഏർപ്പെടുത്തൽ - അപാകത

G.O (Rt) No. 30/2024/SPD dated Thiruvanathapuram 07-03-2024

മേൽ പറഞ്ഞ ഉത്തരവ് പ്രകാരമാണ് പ്രവർത്തി നടത്തിയത്. പ്രവർത്തി ARTCO കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം എന്നീ സ്ഥാപനങ്ങളിൽ അന്വേഷിച്ച്, കുറവ് തുക അറിയിച്ചിട്ടുള്ള കോഴിക്കോട് ARTCO സ്ഥാപനത്തിൽ നിന്നാണ് ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങിയതും, പ്രവർത്തി നടത്തിയതും. കരാർ കോഴിക്കോട് ARTCO സ്ഥാപനത്തിൽ നൽകിയിട്ടുമുണ്ട്. 2 ശതമാനം IT പ്രസ്തുത സ്ഥാപനം അടക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ചെയ്ത പ്രവർത്തിയുടെ അളവ് പുസ്തകം ടി സ്ഥാപനം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. കിട്ടുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണ്. പ്രസ്തുത ബില്ലിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബില്ലിൽ തന്നെ GST തുക കുറവ് വരുത്തിയിട്ടുണ്ട്.

## 1-29 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല.

വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ എന്ന പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് വിഹിതമായി 10 ലക്ഷം വകയിരുത്തിയിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം 350000 രൂപ വകയിരുത്തിയിരുന്നു. ആയതിൽ ആകെ ബില്ല് 671382/- രൂപ ആയതിൽ പഞ്ചായത്ത് വിഹിതം 350000 ചെലവഴിച്ചു. ബാക്കി തുകയായ 321382/-രൂപക്ക് വേണ്ടി ജില്ലാ പഞ്ചായത്തിലേക്ക് റിക്വസിഷൻ തയ്യാറാക്കി അയച്ചു നൽകിയെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിന്റെ അപര്യാപ്തത മൂലം ഫണ്ട് ലഭിക്കാതെ പോവുകയാണുണ്ടായത്.

ആയതിനാൽ പ്രസ്തുത ഓഡിറ്റിൽ നിന്നും തടസം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

## 1-30 പരിരക്ഷാ പാലിയേറ്റീവ് കെയർ - വാഹന വാടക - ആദായ നികുതി ഈടാക്കിയില്ല.

പരിരക്ഷാ ഹോം കെയർ പദ്ധതി എന്ന പ്രോജക്റ്റിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി ദിവസ വാടക 1199/- രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ടെന്നും ഓഡിറ്റ് വർഷത്തിൽ രണ്ട് പാലിയേറ്റീവ് യൂണിറ്റുകളിലായി വാടക ഇനത്തിൽ ആകെ 442431/- രൂപ കരാറുകാരായ ശ്രീ. ലിപികുമാർ. എൻ.കെ, ശ്രീ. സുനിൽ എന്നവർ കൈപ്പറ്റിയിട്ടുണ്ടെന്നും, ഒരു കരാർ പ്രകാരം അനുവദിക്കുന്ന വാഹന വാടക ഒറ്റത്തവണ 30,000/- രൂപക്ക് മുകളിൽ ആണെങ്കിലോ ഇൻകം ടാക്സ് ആക്റ്റ്

സെക്ഷൻ 194 സി പ്രകാരം അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നുവെന്നും എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരൻ നൽകിയിരിക്കുകയാണെന്നും 4430/- രൂപ ആദായ നികുതിയിനത്തിൽ കുറവ് ചെയ്യാതെ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റിൽ നിന്നും നിർദ്ദേശം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക R-G100805-2501188 & 29-01-2026 പ്രകാരം അടവാക്കിയിട്ടുള്ളതാണ് എന്നും ആയതിനാൽ പ്രസ്തുത ഓഡിറ്റിൽ നിന്നും തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

**1-31 പൊതുമരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1) പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

പ്രൈസ് 3 സോഫ്റ്റ് വെയർ വന്നതിനു ശേഷം എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ടി സോഫ്റ്റ് വെയർ മുഖേനയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ ഓരോ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. മുതൽ ബില്ല് സമർപ്പിക്കുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളും പ്രൈസ് 3 യിൽ ദിനം തോറും അപ് ലോഡ് ചെയ്യേണ്ടതിനാൽ ഒരു പദ്ധതിയുടെ പൂർത്തീകരണത്തിന് തന്നെ മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ സമയം കൂടുതൽ ആവശ്യമായി വരുന്നതാണ്. ഒരു കലണ്ടർ വർഷത്തിൽ 280 ൽ പരം പ്രവൃത്തി ദിനങ്ങൾ മാത്രമാണ് ലഭിക്കുക. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 196 പ്രവൃത്തികൾ നടപ്പിലാക്കുക എന്നത് വളരെ പ്രയാസമുളവാക്കുന്നതാണ്. കൂടാതെ 19 വാർഡുകളിലേയും KPBR അപേക്ഷകൾ, വീട് റിപ്പയർ, SC പഠനമുറികൾ എന്നിവയുടെ വാല്യുവേഷൻ, MGNREGS പദ്ധതികളുടെ സാങ്കേതികാനുമതി സംബന്ധമായ പ്രവർത്തനങ്ങൾ, പരാതി ഫയലുകൾ, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട വീട് വാസയോഗ്യമാണോ എന്നത് സംബന്ധിച്ച പരിശോധന എന്നിവയും ഈ ഓഫീസ് മുഖാന്തിരം സമയബന്ധിതമായി ചെയ്തു കൊടുക്കേണ്ടതായിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിഷയങ്ങൾ പരിശോധിച്ചാൽ തന്നെ ഈ ഓഫീസിന് അനുവദിച്ച രണ്ട് ഓവർസിയർമാരുടെ സേവനം ഉപയോഗിച്ച് ഈ സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന സമയത്തിനുള്ളിൽ എല്ലാ ജോലികളും തീർക്കുക എന്നത് പ്രായോഗികമായി പ്രയാസകരമാണെന്ന് മനസിലാക്കാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതി കൃത്യമായി ആസൂത്രണം ചെയ്ത് വരും വർഷങ്ങളിൽ പദ്ധതികളുടെ തുക വർദ്ധിപ്പിച്ച് പ്രവൃത്തികളുടെ എണ്ണം കുറക്കുവാൻ വേണ്ടി ഈ കാര്യാലയത്തിൽ നിന്നും ഭരണസമിതിയെ അറിയിക്കുകയും ചെയ്തതാണെന്ന് ഇതിനാൽ അറിയിക്കുന്നു. ആയത് പരിഗണിച്ച് തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

2) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

കുട്ടിലങ്ങാടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡുകൾ R-ട്രാക്ക് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന വ്യാപകമായി കെട്ടിടങ്ങൾ കൂടെ R-ട്രാക്ക് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്താൽ മാത്രമേ ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആയത് പൂർത്തിയാവുന്ന മുറക്ക് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ വരും വർഷങ്ങളിൽ കാലികമാക്കുന്നതാണ്.

## 1-32 തൊഴിലുറപ്പ് പദ്ധതി - വാങ്ങലുകളിന്മേൽ GST - TDS ഈടാക്കിയതിലെ അപാകതകൾ.

തൊഴിലുറപ്പ് പദ്ധതി - വാങ്ങലുകളിന്മേൽ ഉള്ള GST - TDS 32010/- രൂപ ഈടാക്കി 10-03-2026 തീയതി അടവാക്കി ഇ-ഫയലിംഗ് നടത്തിയിട്ടുണ്ട്. ആയതിനാൽ തടസം നീക്കണമെന്ന് അപേക്ഷിക്കുന്നു.

## 1-33 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ പ്രവൃത്തികൾ നടത്തുന്നു.

2024-25 വാർഷിക പദ്ധതിയുടെ ആരംഭത്തിൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് മതിയായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്ഥാപനത്തിലേക്ക് വരുന്ന രോഗികൾക്ക് അത്യാവശ്യ മരുന്നിന്റെ ലഭ്യതക്കുറവ് രൂക്ഷമായതിനാലും, പ്രസ്തുത സമയത്ത് പ്രോജക്ടിന്റെ ഇംപ്ലിമെന്റേഷൻ ആരംഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിനെ അറിയിച്ചിട്ടാണ് കണ്ടിൻജന്റ് തുകയിൽ നിന്നും പ്രത്യേകമായി മരുന്ന് വാങ്ങാൻ തുക കണ്ടെത്തിയത്. മെഡിക്കൽ ഓഫീസറുടെ നോട്ട്, എൻ.എ.സി എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അതുപോലെ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല .എന്നാൽ പിഎച്ച്സിയിലെ വോൾട്ടേജ് ക്ഷാമം കാരണം അടിയന്തിരമായി വൈദ്യുതി ലൈൻ ത്രീഫേസ് ആക്കേണ്ടതിനാലാണ് കണ്ടിൻജൻറ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്. കെ.എസ്.ഇ.ബി എസ്റ്റിമേറ്റ്, രശീതി, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവക്ക് കെ.എസ്.ഇ.ബി യിലേക്ക് കത്ത് നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

## 1-34 ഭവന നിർമ്മാണങ്ങളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് വിവരം | നാളിതുവരെ നൽകിയ ധനസഹായം | നിലവിലെ സ്റ്റേജ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സുലൈഖ, W/o. സൈതലവി, പാന്തൊടി ഹൌസ്, കുട്ടിലങ്ങാടി | 300000 | മേൽക്കൂര |
| 2 | ഫൌസിയ.ടി, W/o. ഇസ്മയിൽ, തട്ടായിൽ ഹൌസ്, വള്ളിക്കാപ്പറ്റ | 300000 | മേൽക്കൂര |
| 3 | ദീപ്തി. പി, W/o. രതീഷ്, ഇരട്ടേങ്ങൽ ഹൌസ്, ചീരക്കുഴി, മങ്കട പള്ളിപ്പുറം | 300000 | മേൽക്കൂര |
| 4 | ജമീല കൊല്ലേത്ത്, W/o. ഹനീഫ, പാറടി, കുട്ടിലങ്ങാടി | 300000 | മേൽക്കൂര |
| ലൈഫ് മിഷൻ ഭവന നിർമ്മാണം – എസ്.സി | | | |
| 1 | സുമതി, W/o. ശിവപ്രസാദ്, പാറടി, കുട്ടിലങ്ങാടി | 300000 | മേൽക്കൂര |
| 2 | അനില, W/o. മിതോഷ്, കാവുങ്ങപറമ്പിൽ ഹൌസ്, പാറടി, കുട്ടിലങ്ങാടി | 400000 | ഭവന നിർമ്മാണം പൂർത്തീകരിച്ചു |
| 3 | പ്രസീത.കെ, W/o. കൃഷ്ണദാസ്.എൻ.കെ, പടിഞ്ഞാറ്റുമുറി | 300000 | മേൽക്കൂര |
| 4 | അഞ്ജു, W/o. രമേഷ്, ആലുക്കൽ ഹൌസ്, പട്ടിയിൽപറമ്പ്, മങ്കട പള്ളിപ്പുറം | 300000 | മേൽക്കൂര |

അനില, W/o. മിതോഷ് കാവുങ്ങപറമ്പിൽ, പാറടി, കുട്ടിലങ്ങാടി എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചതാണ്. എന്നും മേൽപ്പറഞ്ഞ ബാക്കി ഗുണഭോക്താക്കൾ മേൽക്കൂര വരെ പൂർത്തീകരിച്ച് തുടർ പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ് എന്നും തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരണ – അനുബന്ധ പ്രവർത്തി പൂർത്തീകരിക്കുന്ന മുറക്ക് അവസാന ഗഡു നൽകാവുന്നതാണ് എന്നും അറിയിക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.